**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - അയർക്കുന്നം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഡേവിഡ് പി. ജോൺ, മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. ടി.ജി. ശിവദാസൻ നായർ, മുൻ യു.ഡി. ക്ലർക്ക് ശ്രീ. ബെന്നി വർഗ്ഗീസ് എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.518/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 22.02.2017

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.01.2013-ലെ ഇ 5-ക്യുവി-3/12/കെറ്റിഎം/20365/12 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 01.07.2013-ലെ 1023/ഡി3/2013/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 07.10.2013-ലെ 53450/ഇപിബി2/13/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് അയർക്കുന്നം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഡേവിഡ് പി. ജോൺ. മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. ടി.ജി. ശിവദാസൻ നായർ, മുൻ യു.ഡി. ക്ലർക്ക് ശ്രീ. ബെന്നി വർഗ്ഗീസ് എന്നിവർ യഥാക്രമം 12.02.2014, 24.01.2014, 22.01.2014 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 07.10.2015-ലെ ഡി5-44694/13 നമ്പർ കത്ത്

**ഉത്തരവ്**

അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. വിജിലൻസ് പരിശോധനയിൽ ഗ്രാമസഭ ചേരുന്നത് സംബന്ധിച്ച ചെലവുകളിൽ ക്രമക്കേടുകൾ വന്നിട്ടുള്ളതായി കണ്ടെത്തുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. ഡേവിഡ് പി. ജോൺ, മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. ടി.ജി. ശിവദാസൻ നായർ, മുൻ യു.ഡി. ക്ലർക്ക് ശ്രീ. ബെന്നി വർഗ്ഗീസ് എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം ലഘു ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു. കുറ്റപത്രത്തിന് ടി ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം എതിർവാദ പത്രിക സമർപ്പിച്ചു.

അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭ ചേരുന്നതിന് ഒരു വാർഡിന് 1000/- രൂപയിൽ അധികരിക്കാത്ത നിലയിൽ ചെലവ് നിജപ്പെടുത്തണമെന്നാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നതെന്നും ഗ്രാമസഭ സംബന്ധിച്ച വിവരം അറിയിക്കുക എന്നതിന് ഒരു പ്രായോഗിക മാർഗ്ഗമെന്ന നിലയിലാണ് മൈക്ക് അനൗൺസ്മെന്റ് നടത്തിയതെന്നും ബില്ലുകൾ തയ്യാറാക്കുന്ന വേളയിൽ ഓരോ വാർഡിനുമായി 1000/- രൂപയുടെ വീതം ബില്ലുകൾ പ്രത്യേകമായി തയ്യാറാക്കണമെന്ന് താൻ നിർദ്ദേശിച്ചിരുന്നെങ്കിലും പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും അത് ചെവിക്കൊണ്ടില്ലെന്നും, എങ്കിലും പഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള പരിധി ലംഘിച്ച് തുക ചെലവഴിച്ചിട്ടില്ലാത്തതിനാൽ തന്നെ അച്ചടക്ക നടപടിയിൽനിന്നും ഒഴിവാക്കണമെന്നുമാണ് ശ്രീ. ശിവദാസൻ നായർ എതിർവാദപത്രികയിൽ ബോധിപ്പിച്ചിട്ടുള്ളത്.

സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം താൻ കണ്ടിജന്റ് ബില്ല് തയ്യാറാക്കി അതിൽ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും ഒപ്പുവാങ്ങി അക്കൗണ്ടന്റിനെ ഏൽപിക്കുക മാത്രമാണ്

ചെയ്തതെന്നും യു.ഡി.ക്ലർക്കായി ജോലിയിൽ പ്രവേശിച്ച ആദ്യ നാളുകളിലാണ് ഈ സംഭവം നടന്നതെന്നും ബില്ലുകൾ തയ്യാറാക്കുന്നതിലെ പരിചയക്കുറവുമൂലം ഇതിൽ എന്തെങ്കിലും അപാകം സംഭവിച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ തനിക്ക് ഉറപ്പില്ലെന്നും അഥവാ അങ്ങനെയെന്തെങ്കിലും സംഭവിച്ചിരുന്നെങ്കിൽത്തന്നെ ടി ബില്ല് സെക്രട്ടറി കൗണ്ടർചെക്ക് ചെയ്തിരുന്നു എന്നും താൻ തുക ചെലവഴിക്കുകയോ കൈവശം വക്കുകയോ ചെയ്തിട്ടില്ലെന്നും അതിനാൽ തന്നെ അച്ചടക്ക നടപടിയിൽനിന്നും ഒഴിവാക്കണമെന്നും ശ്രീ ബെന്നി വർഗ്ഗീസ് എതിർവാദ പത്രികയിൽ അപേക്ഷിച്ചിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അംഗീകരിച്ച പ്രകാരമാണ് ഒരു വാർഡിന് 1000/- രൂപ കണക്കിൽ 20 വാർഡുകൾക്ക് 3 തവണവീതം ഗ്രാമസഭ ചേരുന്ന ചെലവായ 60000/- രൂപ കമ്മിറ്റി അധികാരപ്പെടുത്തിയ ശ്രീ. ടോമി ജോസഫ്, ശ്രീ. സൂരജ് എന്നിവർക്ക് അനുവദിച്ചതെന്നും ടി ചെലവുകൾ നടന്നു എന്ന് പഞ്ചായത്തംഗങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുകൊണ്ടും ടി ചെലവ് അനുവദിക്കാൻ പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരുന്നതുകൊണ്ടുമാണ് ടി തുക അനുവദിച്ചതെന്നും ഇതു സംബന്ധിച്ച പരാതി അടിസ്ഥാന രഹിതമാണെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് Cr.M.P. No.335/2012 നമ്പർ കേസിൽ 22/5/2013 ന് കോട്ടയം വിജിലൻസ് കോടതി ഇത് തള്ളിക്കളഞ്ഞിട്ടുള്ളതാണെന്നും അതിനാൽ തന്നെ അച്ചടക്ക നടപടിയിൽനിന്ന് ഒഴിവാക്കണമെന്നും ശ്രീ. ഡേവിഡ് പി ജോൺ എതിർവാദ പത്രികയിൽ അപേക്ഷിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥർ സമർപ്പിച്ച എതിർവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം അഭിപ്രായം ലഭ്യമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനപ്രകാരമാണ് ഗ്രാമസഭ നടത്തുന്നതിനാവശ്യമായ തുക ഓരോ വാർഡിനും 1000/- രൂപ വീതം 20 വാർഡിന് അനുവദിച്ച 20000/- രൂപ മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബില്ല് തയ്യാറാക്കി നൽകിയതെന്നും ഇതിനുവേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിരുന്നില്ലെങ്കിലും ടി ചെലവ് ഉണ്ടായിട്ടുണ്ടെന്ന് പഞ്ചായത്തംഗങ്ങൾ സാക്ഷ്യപ്പെടുത്തിയ സാഹചര്യത്തിലും പഞ്ചായത്ത് ഭരണസമിതി നിശ്ചയിച്ച തുകയിലധികം നല്കിയിട്ടില്ലാത്ത സാഹചര്യത്തിലും ശ്രീ. ബെന്നി വർഗ്ഗീസ് യു.ഡി. ക്ലർക്കായി ജോലിയിൽ പ്രവേശിച്ച സമയത്താണ് ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ ടിയാന്റെ പരിചയക്കുറവ് ഇതിന് ഒരു കാരണമായിട്ടുണ്ടെന്നുള്ളത് പരിഗണിക്കേണ്ടതുണ്ട് എന്നതിനാലും ശ്രീ. ബെന്നി വർഗ്ഗീസിന്റെ മേലുള്ള കുറ്റം ലഘൂകരിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ ടിയാൻ 31/5/2016 ൽ സേവനത്തിൽനിന്ന് വിരമിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

മെമ്പർമാരുടെ രേഖാമൂലമുള്ള സാക്ഷ്യപത്രം ലഭിച്ച ശേഷവും പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനപ്രകാരമാണ് ചെലവ് ചെയ്തത് എന്ന ശ്രീ. ഡേവിഡ് പി. ജോണിന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതായോ അതിന്റെ അടിസ്ഥാനത്തിൽ വേല ഏൽപ്പിച്ചു നൽകിയതായോ രേഖകളിലില്ലെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്തംഗങ്ങൾ നേരിട്ട് പൊതുവായി ഒരു വ്യക്തിയെ വേല നേരിട്ട് ഏൽപ്പിക്കുകയും ടി വ്യക്തിക്ക് തുക ഒരുമിച്ച് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ 2010-11, 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിൽ ഈ ചെലവ് അംഗീകരിച്ചിട്ടുണ്ടെന്നുള്ള കാര്യം നേരിട്ട് ബോധ്യപ്പെട്ടതാണെന്നും കൂടാതെ ശ്രീ. ഡേവിഡ് പി. ജോൺ 31/7/15 ൽ സേവനത്തിൽനിന്ന് വിരമിച്ചിട്ടുള്ളതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഓഫീസ് നടപടിക്രമങ്ങൾ പ്രകാരം സെക്രട്ടറി മുമ്പാകെ പോകേണ്ട ഫയലുകൾ ജൂനിയർ സൂപ്രണ്ട് കാണണമെന്നിരിക്കെ ടി ബില്ലിനൊപ്പമുള്ള നോട്ടിൽ ജൂനിയർ സൂപ്രണ്ടായ ശ്രീ. ടി.ജി. ശിവദാസൻ നായർ കണ്ടതായി രേഖപ്പെടുത്തലുകളില്ലെന്നും 1000/- രൂപ വീതമുള്ള ഓരോ ചെലവിനും പ്രത്യേക ബില്ലുകൾ തയ്യാറാക്കണമെന്ന് പറഞ്ഞതായ ടിയാന്റെ വാദത്തിന് തെളിവുകളില്ലെന്നും

എന്നാൽ, ചെലവ് പദ്ധതി നിർവ്വഹണത്തിനായുള്ള ചെലവിൽ അധികരിക്കാതെ നടത്തിയിട്ടുള്ളതായും പരിധി ലംഘിക്കാതെയും നടത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും, ശ്രീ. ശിവദാസൻ നായർ 30/11/2014 ൽ സേവനത്തിൽനിന്ന് വിരമിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടേയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു ഗ്രാമസഭ ചേരുന്നതിനുള്ള ചെലവുകൾ ബില്ലെഴുതി നല്കിയതിൽ നടപടിക്രമങ്ങളിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിലും ക്രമക്കേടുകൾ നടത്തണം എന്ന ബോധപൂർവ്വമായ വിചാരത്തോടെയല്ല ഇത് ചെയ്തിട്ടുള്ളതെന്നും പഞ്ചായത്ത് ഭരണ സമിതിയുടെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ള തീരുമാനത്തിന്റെയും വാർഡ് മെമ്പർമാർ എഴുതി നല്കിയ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിലാണ് ടി തുകയ്ക്കുള്ള ബില്ലുകൾ നല്കിയിട്ടുള്ളതെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ടി ചെലവുകൾ ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് അംഗീകരിച്ച് നല്കിയിട്ടുണ്ടെന്നും ടി 3 ജീവനക്കാരും സേവനത്തിൽ നിന്ന് വിരമിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് അയർക്കുന്നം ഗ്രാമപഞ്ചായത്ത് മുൻ യു.ഡി.ക്ലർക്ക് ശ്രീ. ബെന്നി വർഗ്ഗീസ്, ജൂനിയർ സൂപ്രണ്ട് ശ്രീ. ശിവദാസൻനായർ, സെക്രട്ടറി ശ്രീ. ഡേവിഡ് പി. ജോൺ എന്നിവരെ ശിക്ഷണ നടപടികളിൽ നിന്ന് ഒഴിവാക്കി ഇവർക്കെതിരെ തുടങ്ങിവന്ന അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. ഡേവിഡ് പി. ജോൺ, മുൻ സെക്രട്ടറി, അയർക്കുന്നം ഗ്രാമപഞ്ചായത്ത്
2. ശ്രീ. ടി.ജി. ശിവദാസൻ നായർ, മുൻ യു.ഡി. ക്ലാർക്ക്, അയർക്കുന്നം ഗ്രാമപഞ്ചായത്ത്
3. ശ്രീ. ബെന്നി വർഗ്ഗീസ്, മുൻ യു.ഡി. ക്ലാർക്ക്, അയർക്കുന്നം ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
8. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
9. വിജിലൻസ് വകുപ്പ് (04.01.2017-ലെ 13083/ഡി3/2016/വിജി. നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
10. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.53450/ഇപിബി2/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ